**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1995** **29-07-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിൽ വിദ്യാ തരംഗിണി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ, ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായ വിദ്യാ തരംഗിണി പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | അതാതു സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി വായ്പ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 10,000/- രൂപവരെ പലിശരഹിത വായ്പയായി നൽകും. വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്. ഗുണഭോക്താക്കൾ വാങ്ങിയ മൊബൈൽ ഫോണിന്റെ ബില്ലിന്റെ പകർപ്പ് വായ്പ അനുവദിച്ച സ്ഥാപനത്തിൽ ഹാജരാക്കണം. വായ്പാ കാലാവധിക്കുശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8% പലിശ ഈടാക്കുന്നതാണ്. ആൾ ജാമ്യ വ്യവസ്ഥയിലാണ് വായ്പ അനുവദിക്കുന്നത്. അപേക്ഷകൻ സംഘത്തിലെ ‘എ’ക്ലാസ്/‘സി ക്ലാസ് മെമ്പർ ആയിരിക്കണം. വായ്പക്കുള്ള അപേക്ഷകളും മെമ്പർഷിപ്പിനുള്ള അപേക്ഷകളും ഒന്നിച്ച് പരിഗണിക്കുന്നതാണ്. വായ്പ അനുവദിച്ച് അടുത്ത മാസം മുതൽ മാത്രമേ തിരിച്ചടവ് ആരംഭിക്കേണ്ടതായുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള വായ്പാ ധനസഹായത്തിന് അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | അപേക്ഷകൻ സംഘത്തിലെ ‘എ’ക്ലാസ്/‘സി ക്ലാസ് മെമ്പർ ആയിരിക്കണം. ഒരു ഗുണഭോക്താവിന് 10,000/- രൂപ വരെ മാത്രമേ അനുവദിക്കുകയുള്ളൂ. അർഹരായ വിദ്യാർഥികൾക്ക് പ്രസ്തുത സംഘം/ബാങ്ക് തുക അനുവദിക്കുന്നതിന് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപത്രം ആവശ്യമാണ്. ക്രമ പ്രകാരമുള്ള അപേക്ഷകൾ ബാങ്ക്/സംഘം നിരസിക്കുന്ന പക്ഷം അപേക്ഷകന് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരെ സമീപിക്കാം. വായ്പകൾ എല്ലാ സഹകരണ സംഘം/ബാങ്കുകൾ വഴി അനുവദിക്കുന്നതു സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്; (സർക്കുലർ നം. 22/2021, 25/2021). ഇതു കൂടാതെ അതാതു ജില്ലാ ജോയിന്റ് രജിസ്ട്രാർക്കു പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിക്കൊണ്ട് കത്തും നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നിശ്ചയിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 25.06.2021 മുതൽ 31.07.2021 വരെയാണ്. |
| (ഡി) | ഈ പദ്ധതിയിലേക്ക് മണലൂർ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് ധനസഹായം നൽകിയെന്നും അറിയിക്കാമോ; | (ഡി) | മണലൂർ മണ്ഡലത്തിൽ നിന്നും 771 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 379 പേർക്ക് ധനസഹായം നൽകുകയുണ്ടായി. |
| (ഇ) | ഈ പദ്ധതി പ്രകാരം വായ്പ നൽകിയ മണലൂർ മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പട്ടിക നൽകാമോ; ഓരോ സ്ഥാപനവും എത്ര തുക വീതമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ? | (ഇ) | വായ്പ നൽകിയ സംഘം/ബാങ്കുകൾ. അറ്റാച്ച്മെന്റെ കണ്ടാലും. |

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| 1 | മണലൂർ SCB ക്ലിപ്തം നം. 31 | 40000 |
| 2 | കാരമുക്ക് SCB ക്ലിപ്തം നം. 16 | 139177 |
| 3 | തൈക്കാട് SCB ക്ലിപ്തം നം. F 7084 | 484730 |
| 4 | പാവറട്ടി SCB ക്ലിപ്തം നം. F 3918 | 257205 |
| 5 | മുല്ലശ്ശേരി SCB ക്ലിപ്തം നം. R 280 | 448900 |
| 6 | അന്നക്കര SCB ക്ലിപ്തം നം. F 549 | 499390 |
| 7 | മുല്ലശ്ശേരി MPCS ക്ലിപ്തം നം. R 1202 | 70000 |
| 8 | തൈക്കാട് MPCS ക്ലിപ്തം നം. R 1188 | 77200 |
| 9 | കുന്നംമൂച്ചി പീപ്പിൾസ് SCB ക്ലിപ്തം നം. R 603 | 423829 |
| 10 | മറ്റം SCB ക്ലിപ്തം നം. 140 | 516600 |
| 11 | ചിറനെല്ലൂർ SCB ക്ലിപ്തം നം. 640 | 356490 |
| 12 | കേച്ചേരി SCB ക്ലിപ്തം നം. R 286 | 370300 |
| 13 | കണ്ടാണിശ്ശേരി വനിത CS ക്ലിപ്തം നം. R 1141 | 70000 |
| | **ആകെ** | **37,53,821** |